"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പൂർത്തികരിച്ച പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നതിനായി ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

G.O.(Rt)No.52/2025/DMD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-

1. പത്തനംതിട്ട ജില്ലാകളക്ടറുടെ 16/01/2025ലെ ഡിസിപിറ്റിഎ/ 636/2020-ഡിഎം5/-ഡിഎം1 നമ്പർ കത്ത്.
2. കൊല്ലം ജില്ലാകളക്ടറുടെ 24/01/2025 ലെ ഡിസികെഎൽഎം/362/2019-ഡിഎം1 നമ്പർ കത്ത്.

**ഉത്തരവ്**

പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡ് പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245- 02-106-99- flood repair & restoration of damaged roads & bridges എന്ന ശീർഷകത്തിൽ നിന്ന് ജില്ലാകളക്ടർമാർ തുക ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച 40 പ്രവർത്തികളുടെ ബിൽ തുക അനുവദിക്കുന്നതിന് പത്തനംതിട്ട ജില്ലാകളക്ടർക്ക് 2,28,25,930/- രൂപയും, 3 പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുന്നതിനായി കൊല്ലം ജില്ലാകളക്ടർക്ക് 27,81,235/- രൂപയും അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANURADHA K C

ADDITIONAL SECRETARY

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാ കളക്ടർ, കൊല്ലം, പത്തനംതിട്ട

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 04-02-2025 11:57:08
സെക്ഷൻ ഓഫീസർ